Draft #48 of File 61884/AC A10-4/2023/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Mar-2026 12:47 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 61884/AC A10-4/2023/AC A 10 തീയതി: 31.03.2026

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- പി . എച്ച് . ഡി . - 2025 അഡ്മിഷൻ - പി . എച്ച് . ഡി -ക്ക പ്രവേശനം നേടിയ ഗവേഷകർക്ക കോഴ്സ് വർക്ക് ആരംഭിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സർക്കുലർ നമ്പർ 61884/AC A10-4/2023/AC A 10 തീയതി 09.01.2026
2. സർവകലാശാല ഉത്തരവ് നമ്പർ 11986/AC A10/2025/MGU തീയതി 30.12.2025
3. 28.03.2026 തീയതിയിൽ , സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് വകുപ്പ് മേധാവി ബഹു : വൈസ് ചാൻസലർ മുൻപാകെ സമർപ്പിച്ച കത്തും ആയതിന്മേൽ ബഹു: വൈസ് ചാൻസലറുടെ ഉത്തരവും.
4. വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നുള്ള അപേക്ഷ

സർവകലാശാല ഉത്തരവ് (സൂചന 1), പ്രകാരം 2025 അഡ്മിഷൻ വർഷ പ്രവേശനം നേടിയ ഗവേഷകർക്കായി മഹാത്മ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള എല്ലാ ഗവേഷണ കേന്ദ്രങ്ങളും 2026 ഏപ്രിൽ 01 ന് കോഴ്സ് വർക്ക് ആരംഭിയ്ക്കേണ്ടതായിരുന്നു. എന്നാൽ അടുത്തുവരുന്ന നിയമസഭാ തിരഞ്ഞെടുപ്പ്, ഏപ്രിൽ മാസത്തെ പൊതു അവധികൾ, ഗവേഷണ കേന്ദ്രങ്ങളിൽ നിന്നുള്ള ആവശ്യം എന്നിവ കണക്കിലെടുത്ത് 2025 പ്രവേശന വർഷ ഗവേഷണ വിദ്യാർത്ഥികൾക്ക് കോഴ്സ് വർക്ക് ക്ലാസുകൾ ആരംഭിക്കുന്നതിന് സാവകാശം നൽകികൊണ്ട് ഉത്തരവാകുന്നു.

മഹാത്മ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള എല്ലാ ഗവേഷണ കേന്ദ്രങ്ങൾക്കും തങ്ങളുടെ സൗകര്യാർത്ഥം **ഏപ്രിൽ 1 മുതൽ 16 വരെയുള്ള** തീയതികളിൽ കോഴ്സ് വർക്ക് ക്ലാസുകൾ ആരംഭിക്കാവുന്നതാണ്. **2025 ഡിസംബർ സെഷൻ പ്രവേശന ഉത്തരവ് ലഭിച്ച എല്ലാ ഗവേഷണ വിദ്യാർത്ഥികളും ഏപ്രിൽ 16 ന മുൻപായി ഗവേഷണ കേന്ദ്രത്തിൽ പ്രവേശനം നേടുകയും തദനുസരണമുള്ള പ്രവേശന പത്രിക ഏപ്രിൽ 30 ന മുൻപായി** Research Online Portal Id -**യിലെ** Additional Uploads- Slot -**ൽ അപ്‌ലോഡ് ചെയ്യുകയും ഒരു പകർപ്പ് ഗവേഷണ കേന്ദ്ര മേധാവി മുഖാന്തിരം ബന്ധപ്പെട്ട അക്കാഡമിക് സെക്ഷനിൽ എത്തിക്കേണ്ടതുമാണ്.**

ഒഴിച്ചു കൂടാനാവാത്ത സാഹചര്യത്തിൽ ജോയിനിംഗിന് കൂടുതൽ സമയം ആവശ്യമുള്ള പക്ഷം, തെളിവിനായുള്ള അനുബന്ധ രേഖകൾ സഹിതം മാർഗദർശി, ഗവേഷണ കേന്ദ്ര മേധാവി മുഖാന്തിരം അപേക്ഷ നൽകേണ്ടതാണ്. **ഏപ്രിൽ 30-ന മുൻപായി ഗവേഷണ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യാത്ത ഗവേഷകരുടെ വിശദാംശങ്ങൾ ഗവേഷണ കേന്ദ്ര മേധാവി ബന്ധപ്പെട്ട അക്കാഡമിക് സെക്ഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് .**

ഗവേഷണ കേന്ദ്രങ്ങളിൽ പ്രവേശനത്തിന് അർഹത നേടിയ ഗവേഷകരുടെ വിശദാംശങ്ങൾ ഈ പരിപത്രത്തോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു .

**മിനിമോൾ കെ സക്കറിയാസ്**
അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

സ്വീകർത്താവ്

1. എല്ലാ ഗവേഷണ ഗവേഷണ കേന്ദ്ര മേധാവികൾക്കും ബന്ധപ്പെട്ട അക്കാദമിക് സെക്ഷനുകൾ മുഖാന്തിരം
2. വൈസ് ചാൻസലറുടെ പി . എസ് / ഡിറക്ടർ ഓഫ് റിസേർച്ച്
3. രജിസ്ട്രാറുടെ പി . എ/ പരീക്ഷാകൺട്രോളറുടെ പി . എ
4. JR II (Admin)/DR I (Acad)/ AR IV(Acad)

Draft #48 of File 61884/AC A10-4/2023/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 31-Mar-2026 12:47 PM - Page 2

The document is digitally approved. Hence signature is not needed.